"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ഹെൽത്ത് വിഭാഗം ജീവനക്കാരായ ഫറോക്ക് നഗരസഭയിലെ ശ്രീ. അഭിലാഷ് ഡാനിയേൽ തുടങ്ങിയ 5 പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ-1992/16 നമ്പർ കേസിലെ 03.04.2019 തീയതിയിലെ വിധിന്യായം- നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.2089/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/09/2019

---

പരാമർശം:- 1 ശ്രീ.അഭിലാഷ് ഡാനിയേൽ സർക്കാരിൽ സമർപ്പിച്ച 20.08.2016 തീയതിയിലെ നിവേദനം(Annexure A8).

2 ശ്രീ.രാജേഷ് കുമാർ എം.പി സർക്കാരിൽ സമർപ്പിച്ച 18.08.2016 തീയതിയിലെ നിവേദനം(Annexure A9)

3 ശ്രീ.ശ്രീജിത്.പി, സർക്കാരിൽ സമർപ്പിച്ച 18.08.2016 തീയതിയിലെ നിവേദനം(Annexure A10)

4 ശ്രീ. മുഹമ്മദ് റഫീക്ക് അലി സർക്കാരിൽ സമർപ്പിച്ച 18.08.2016 തീയതിയിലെ നിവേദനം(Annexure A11).

5 ശ്രീ.അബൂബക്കർ എം,സർക്കാരിൽ സമർപ്പിച്ച 20.08.2016 തീയതിയിലെ നിവേദനം(Annexure A12).

6 ശ്രീ. അഭിലാഷ് ഡാനിയേൽ തുടങ്ങിയ 5 പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ-1992/16 നമ്പർ കേസിലെ 03.04.2019 തീയതിയിലെ വിധിന്യായം

7 നഗരകാര്യഡയറക്ടറുടെ 25.06.2019 തീയതിയിലെ ഇ5-10355/2019 നം. കത്ത്.

**<u>ഉത്തരവ്</u>**

പഞ്ചായത്ത് സർവ്വീസിലെ ഹെൽത്ത് വിഭാഗം ജീവനക്കാരായ ഫറോക്ക് നഗരസഭയിലെ ശ്രീ. അഭിലാഷ് ഡാനിയേൽ, തിരൂരങ്ങാടി നഗരസഭയിലെ ശ്രീ.

മുഹമ്മദ് റഫീക്ക് അലി, മണ്ണാർക്കാട് നഗരസഭയിലെ ശ്രീ. അബൂബക്കർ എം, ഇരിട്ടി നഗരസഭയിലെ ശ്രീ. ശ്രീജിത് പി, രാമനാട്ടുകര നഗരസഭയിലെ ശ്രീ. രാജേഷ് കുമാർ എം.പി എന്നീ ജീവനക്കാർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 മുതൽ 5 വരെയുള്ള നിവേദനങ്ങൾ (അനക്ഷ്വർ എ8 മുതൽ എ1 2 വരെ) പ്രകാരം നിലവിൽ സേവനമനുഷ്ഠിക്കുന്ന തസ്തികയുടെ റാങ്കും സീനിയോരിറ്റിയും പരിഗണിച്ച് തങ്ങളെ മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ടിയാളുകൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ-1992/16 നമ്പർ കേസിലെ 03.04.2019 തീയതിയിലെ വിധിന്യായപ്രകാരം അപേക്ഷകർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്ഷ്വർ എ8 മുതൽ എ1 2 വരെയുള്ള നിവേദനങ്ങൾ പരിശോധിച്ച്, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ 3 മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

2. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 ലെ റിപ്പോർട്ട് പ്രകാരം സർക്കാർ ഇക്കാര്യം പരിശോധിച്ചു. പഞ്ചായത്തുകൾ നഗരസഭകളായി പരിവർത്തനപ്പെടുത്തിയതിന്റെയും നഗരസഭയുമായി കൂട്ടിച്ചേർത്തതിന്റേയും അടിസ്ഥാനത്തിൽ നഗരസഭകളിൽ തുടർന്ന് വരുന്ന സാനിറ്ററി ഇൻസ്പെക്ടർമാരെ അവരുടെ ഓപ്ഷന് വിധേയമായി മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് സ്വീകരിക്കുവാൻ 24.05.2015ൽ സ.ഉ(സാധാ)നം.1240/2015/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ ടി സ്ഥാപനങ്ങളിൽ തുടർന്ന് വന്നിരുന്ന ജീവനക്കാരെ ഇനിയൊരുത്തരവ് ഉണ്ടാകുന്നതുവരെ അതത് സ്ഥാപനങ്ങളിൽ തുടരാൻ അനുവദിച്ചുകൊണ്ട് 17.11.2015 ലെ (സാധാ) 3371/15/തസ്വഭവ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

3. ഇരിട്ടി നഗരസഭയിലെ ശ്രീജിത് പി, മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് അബ്സോർബ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുകയും ഉപാധികളോടെ ഓപ്ഷൻ നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിന്മേൽ ടിയാനെ മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് അബ്സോർബ് ചെയ്യുകയും ടിയാൻ നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ I ആയി ഗുരുവായൂർ നഗരസഭയിൽ സേവനമനുഷ്ഠിച്ച വരുന്നതുമാണ്.

4. കൂടാതെ രാമനാട്ടുകര നഗരസഭയിലെ ശ്രീ രാജേഷ് കുമാർ എം.പി സമർപ്പിച്ച അപേക്ഷയുടേയും, ഉപാധികളോടെ മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് ഓപ്ഷൻ നൽകിയിട്ടുള്ളതിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

5. എന്നാൽ, ശ്രീ അബൂബക്കർ എം. ശ്രീ അഭിലാഷ് ഡാനിയേൽ, മുഹമ്മദ് റഫീക്ക് അലി എം എന്നീ ജീവനക്കാർ നാളിതു വരെ, കോമൺ സർവ്വീസിലേയ്ക്ക് അബ്സോർബ്

ചെയ്യണമെന്ന് ആവശ്യപ്പെട്ട് നഗരകാര്യഡയറക്ടർ ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയോ ഉപാധികളോടെ മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് ഓപ് ഷൻ നൽകുകയോ ചെയ്തിട്ടില്ല. ടി ജീവനക്കാരുടെ അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കുന്നതിന് തിരൂരങ്ങാടി, ഫറോക്ക്, മണ്ണാർക്കാട് നഗരസഭാ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ ശ്രീജിത് പി. യുടെ അപേക്ഷയിൽ നിലവിൽ തീരുമാനമെടുത്തിട്ടുള്ളതിനാലും ശ്രീ.രാജേഷ് കുമാർ.എം.പി സമർപ്പിച്ച അപേക്ഷയിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതിനാലും ഫറോക്ക് നഗരസഭയിലെ അഭിലാഷ് ഡാനിയേൽ, തിരൂരങ്ങാടി നഗരസഭയിലെ മുഹമ്മദ് റഫീക്ക് അലി, മണ്ണാർക്കാട് നഗരസഭയിലെ അബൂബക്കർ എം എന്നിവര്, ഉപാധികളോടെ മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് അബ്സോർബ് ചെയ്യുന്നതിന് ഓപ് ഷൻ നൽകുന്ന മുറയ്ക്ക് ടിയാളുകളുടെ മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് അബ്സോർബ് ചെയ്യണമെന്ന ആവശ്യം പരിശോധിക്കുന്നതാണെന്ന തീരുമാനത്തോടെ , അപേക്ഷകർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്ഷർ എ8 മുതൽ എ12 വരെയുള്ള നിവേദനങ്ങൾ തീർപ്പാക്കി ഉത്തരവാകുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീ. അഭിലാഷ് ഡാനിയേൽ, ഹെൽത്ത് ഇൻസ്പെക്ടർ, ഫറോക്ക് നഗരസഭ

ശ്രീ. മുഹമ്മദ് റഫീക്ക് അലി, ഹെൽത്ത് ഇൻസ്പെക്ടർ, തിരൂരങ്ങാടി നഗരസഭ

ശ്രീ. അബൂബക്കർ എം, ഹെൽത്ത് ഇൻസ്പെക്ടർ, മണ്ണാർക്കാട് നഗരസഭ

ശ്രീ. ശ്രീജിത് പി, ഹെൽത്ത് ഇൻസ്പെക്ടർ, ഇരിട്ടി നഗരസഭ

ശ്രീ. രാജേഷ് കുമാർ എം.പി, ഹെൽത്ത് ഇൻസ്പെക്ടർ, രാമനാട്ടുകര നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ